പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 283

# 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 283

# 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

453/2014.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 283

# 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത്, സർക്കാർ, ഗസറ്റ് വിജ്ഞാപനംവഴി, നിശ്ചയിച്ചേക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർവ്വകലാശാല" എന്നാൽ,—

(i) 1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിന്റെ (1971-ലെ 33) 3-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട കേരള കാർഷിക സർവ്വകലാശാല; അല്ലെങ്കിൽ

(ii) 1974-ലെ കേരള സർവ്വകലാശാല ആക്റ്റിന്റെ (1974-ലെ 17) 3-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട കേരള സർവ്വകലാശാല; അല്ലെങ്കിൽ

(iii) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിലെ (1975-ലെ 5) 3-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട കോഴിക്കോട് സർവ്വകലാശാല; അല്ലെങ്കിൽ

(iv) 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റിന്റെ (1985-ലെ 12) 3-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട മഹാത്മാ ഗാന്ധി സർവ്വകലാശാല; അല്ലെങ്കിൽ

(v) 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിന്റെ (1986-ലെ 31) 4-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല; അല്ലെങ്കിൽ

(vi) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിന്റെ (1994-ലെ 5) 3-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല; അല്ലെങ്കിൽ

(vii) 2005-ലെ ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിന്റെ (2005-ലെ 27) 3-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട ഉയർന്ന നിയമപഠനത്തിനുള്ള ദേശീയ സർവ്വകലാശാല; അല്ലെങ്കിൽ

(viii) 2010-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റിന്റെ (2011-ലെ 5) 3-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല; അല്ലെങ്കിൽ

(ix) 2011-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിന്റെ (2011-ലെ 3) 3-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല; അല്ലെങ്കിൽ

(x) 2010-ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്റ്റിന്റെ (2011-ലെ 4) 3-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല; അല്ലെങ്കിൽ

(xi) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിന്റെ (2013-ലെ 24) 3-ാം വകുപ്പിൻകീഴിൽ സ്ഥാപിക്കപ്പെട്ട തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല;

എന്നർത്ഥമാകുന്നു;

(ബി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(സി) "അനദ്ധ്യാപക തസ്തിക" എന്നാൽ ബന്ധപ്പെട്ട സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമുള്ള അനദ്ധ്യാപക തസ്തിക എന്നർത്ഥമാകുന്നു.

3. <u>പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ</u>.—(1) ഒരു സർവ്വകലാശാലയ്ക്ക് പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) സർവ്വകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനക്രമവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും;

(ബി) സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനംവഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും;

കൂടിയാലോചിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു കാര്യം പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കപ്പെടുന്നിടത്ത് കമ്മീഷൻ ആ കാര്യത്തിൽ സർവ്വകലാശാലയ്ക്ക് ഉപദേശം നൽകേണ്ടതാണ്.

(3) പബ്ലിക് സർവ്വീസ് കമ്മീഷനും സർവ്വകലാശാലയും തമ്മിൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു സംഗതിയിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടാകുന്നപക്ഷം സർവ്വകലാശാല ആ സംഗതി സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിൻമേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനമെടുക്കുന്നതിനുമുമ്പ് ആ സംഗതി പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും സർവ്വകലാശാലയുമായും കൂടിയാലോചിച്ച്, ഗസറ്റ് വിജ്ഞാപനംവഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് സർവ്വകലാശാല അനുവർത്തിക്കേണ്ട നടപടിക്രമം;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന ഉദ്ദേശ്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും സംഗതി;

(സി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത ഏതെങ്കിലും സംഗതി;

എന്നിവ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിന്റെ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽമാത്രം

പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദ പ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്തവിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിലെ സർവ്വകലാശാലകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ നിയമനം അതാത് സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകൾ അനുസരിച്ച് സർവ്വകലാശാലകളാണ് നടത്തിവരുന്നത്. അദ്ധ്യാപക നിയമനം യു.ജി.സി. നിർദ്ദേശി ക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് സെലക്ഷൻ സമിതികളാണ് നടത്തുന്നത്. എന്നാൽ, സർവ്വകലാശാലകൾ സ്വയം നിശ്ചയിച്ച മാനദണ്ഡങ്ങൾ അനുസരിച്ചാണ് അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനം നടത്തിവരുന്നത്.

2. അക്കാദമികമായ മികവിനും സർവ്വകലാശാലയുടെ കാര്യക്ഷമമായ ഭരണത്തിനും ഊന്നൽ നൽകേണ്ട സർവ്വകലാശാലാ ഭരണസംവിധാനം അനദ്ധ്യാപക നിയമന കാര്യത്തിൽ കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടിവരുന്നത് സർവ്വകലാശാലകളുടെ കാര്യക്ഷമമായ നടത്തിപ്പിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. കൂടാതെ, സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങളിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി പലതരം പരാതികൾ സർക്കാരിന് കിട്ടിയിട്ടുണ്ട്. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും, അതനുസരിച്ച് കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് 2010 ഡിസംബർ 18-ാം തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 399/2010/ഉ.വി.വ., 2011 ഫെബ്രുവരി 4-ാം തീയതിയിലെ സ.ഉ.(എംഎസ്.) നമ്പർ 11/2011/ഉ.വി.വ. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചു.

3. സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിനു വേണ്ടി സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തുന്നതിനായി ഭാരതത്തിന്റെ ഭരണഘടനയിലെ 321-ാം അനുച്ഛേദപ്രകാരം ഒരു നിയമനിർമ്മാണം നടത്തേണ്ടത് ആവശ്യമാണ്. അങ്ങനെയുള്ള ഒരു നിയമനിർമ്മാണം നടത്തിയശേഷം സർവ്വകലാശാലകളിലെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനവും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച് കമ്മീഷനുമായി കൂടിയാലോചന നടത്തി സർക്കാരിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതും ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളിലെയും വ്യവസ്ഥകൾക്കനുസൃതമായി പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും സർവ്വകലാശാലകൾക്ക് നിയമനം നടത്താവുന്നതുമാണ്. ആയതിനാൽ, പ്രസ്തുത ആവശ്യത്തിനായി ഒരു പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു.

4. മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനത്തിന് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നേരിട്ടേക്കാവുന്ന ചെലവുകൾ ബന്ധപ്പെട്ട സർവ്വകലാശാല വഹിക്കുന്നതാണ്. ആയതിനാൽ, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏല്പിച്ചു കൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം, ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനുമായും സർവ്വകലാശാലയുമായും കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

2. ഏതു കാര്യങ്ങൾ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ നടപടിക്രമങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയുമാണ്. മാത്രമല്ല, ചട്ടങ്ങൾ ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

പി. കെ. അബ്ദു റബ്ബ്.